വീതവും ഗുണഭോക്തൃവിഹിതം 40 രൂപയുമാണ്. മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ അവരുടെ വിഹിതം 80 രൂപയും ഗുണഭോക്തൃവിഹിതം 40 രൂപയുമാണ്. മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള 40 രൂപ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാവുന്നതാണ്. കുടുംബശ്രീയോ മറ്റ് ഇതര സ്ഥാപനങ്ങളോ ദരിദ്രരുടെ മക്കൾക്ക് അക്ഷയ പദ്ധതിയുടെ ഗുണഭോക്താവിനുള്ള ഗ്രാന്റ് അനുവദിക്കുന്നതായി ഐ. റ്റി. മിഷനുമായി ധാരണയിലേർപ്പെട്ടിട്ടില്ല.

(ബി) മുൻ ഗവൺമെന്റിന് കേന്ദ്രത്തിൽനിന്നും ലഭിച്ചതായി പരാമർശിക്കുന്ന ഒരു കോടി രൂപ ഗ്രാന്റായി ഐ.റ്റി. മിഷന് ഈയിനത്തിൽ അനുവദിച്ചിട്ടില്ല.

(സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹൈക്കോടതി ബഞ്ച്

98. [863] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് അനുവദിക്കാൻ തയ്യാറാണെന്ന കേന്ദ്ര നിയമ മന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കാൻ എന്തു നടപടികളാണ് കേരള സർക്കാർ സ്വീകരിച്ചത്;

(ബി) ഹൈക്കോടതി ബഞ്ച് എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ, ബി) കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചന നടത്തി തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ചിന്റെ രൂപീകരണം സംബന്ധിച്ച സുവ്യക്തമായ നിർദ്ദേശം സമർപ്പിക്കാനാണ് കേന്ദ്ര നിയമവകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നത്. ഹൈക്കോടതി ബഞ്ചിന്റെ രൂപീകരണത്തിനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഇപ്പോൾത്തന്നെ തിരുവനന്തപുരത്ത് ലഭ്യമാണ്. ഇക്കാര്യം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര നിയമ മന്ത്രിയുടെ നിർദ്ദേശാനുസരണം ഹൈക്കോടതി ചീഫ് ജസ്റ്റിസിൽ നിന്നും ബഞ്ച് സ്ഥാപിക്കുന്നതിന് അനുകൂല അഭിപ്രായം ലഭിച്ചിട്ടില്ല. ആയതിനാൽ ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ശുപാർശയോടുകൂടി ഇതു സംബന്ധിച്ച നിർദ്ദേശം കേന്ദ്രസർക്കാരിന് ലഭ്യമാക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ബഞ്ച് എത്രയും പെട്ടെന്ന് സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ തുടർന്ന് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly